പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.658

29.06.2015 ൽ മറുപടിയ്ക്ക്

## യുവജനനയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. ഷാഫി പറമ്പിൽ : | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ ; | എ) 2013 മാർച്ച് 4-ാം തീയതി യുവജനനയം പ്രഖ്യാപിച്ചിട്ടുണ്ട്. യുവജനങ്ങളുടെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക കായിക മാനസിക വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുക, യുവജനങ്ങളെ നാടിന്റെ മുഖ്യസ്വത്തായി കണ്ടുകൊണ്ട് അവരുടെ വിഭവ ശേഷിയിലും വളർച്ചയിലും പുരോഗതിയിലും ഊന്നൽ നൽകുക, സുസ്ഥിര വികസനത്തിലും സാമൂഹിക പ്രതിബദ്ധതയിലും ഊന്നൽ നൽകിക്കൊണ്ട് ആരോഗ്യകരവും സന്തോഷപ്രദവുമായ ജീവിതം നയിക്കാനുള്ള സാഹചര്യമൊരുക്കുക എന്നതാണ് യുവജന നയത്തിന്റെ ദൗത്യം. |
| (ബി) യുവജന ക്ഷേമത്തിനായി പ്രസ്തുത നയത്തിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കാമോ ; | (ബി) യുവജനങ്ങളുടെ ക്ഷേമത്തിന് താഴെപ്പറയുന്ന കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>1.തുടർ വിദ്യാഭ്യാസ പരിപാടികൾ, നൈപുണ്യ പരിശീലനം (skill development training) എന്നിവ നടപ്പിലാക്കുക.<br>2.ചെറുകിട – ഇടത്തരം വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക. യുവജനങ്ങളെ മികച്ച സംരംഭകരാക്കി ഉയർത്തുക.<br>3.യുവജനങ്ങളെ കൃഷിയിലേക്കും മൃഗസംരക്ഷണത്തിലേക്കും ആകർഷിക്കുന്നതിന് വേണ്ടി പരിസ്ഥിതി സൗഹൃദപരവും, ഹൈടെക്കുമായ കൃഷി രീതികൾ വ്യാപിപ്പിക്കുക.<br>4.മദ്യത്തിനും മറ്റ് മയക്കുമരുന്നുകൾക്കുമെതിരെ യുവജനങ്ങളുടെ പ്രതിരോധ നിര ഉയർത്തുക. |

5.കലാകായിക സാംസ്കാരിക മാധ്യമ രംഗത്ത് യുവജനങ്ങൾക്ക് പ്രോത്സാഹനം നൽകുക.

6.പൈതൃകവും സംസ്കാരവും കാത്തുസൂക്ഷിക്കുവാൻ യുവജനങ്ങളെ സജ്ജരാക്കുക.

7.സാമൂഹിക തിന്മകൾക്കെതിരെ യുവജനങ്ങളുടെ ഐക്യനിര കെട്ടിപ്പടുക്കുക.

(സി) യുവജന നയം നടപ്പാക്കുന്ന തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ ?

(സി) യുവജനനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ പുതിയ പദ്ധതികളോടൊപ്പം നിലവിലുള്ള പദ്ധതികളും കാലോചിതമായി പരിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തൊഴിൽരഹിതർക്കുവേണ്ടി ജോബ്ഫെസ്റ്റുകൾ, യുവസംരംഭകത്വ പരിശീലനങ്ങൾ എന്നിവയും ഭിന്നശേഷിയുള്ളവരുടെ ഉന്നമനത്തിനായി ബ്രെയിലി ലൈബ്രറി, കമ്പ്യൂട്ടർ വാങ്ങുന്നതിന് ധനസഹായം, പ്രകൃതി ദുരന്തത്തിനിരയാകുന്നവരെ സഹായിക്കാനായി ദുരന്ത നിവാരണ സേന, മദ്യം-മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യ വെല്ലുവിളികൾക്കെതിരെ യുവജാഗ്രതാ യാത്ര, യുവജനങ്ങളെ സാമൂഹ്യ സേവനത്തിന് സജ്ജമാക്കുന്നതിന് പുനർജ്ജനി, രക്തദാന സേന മുതലായ പരിപാടികൾ ബോർഡ് നടപ്പിലാക്കി വരുന്നു. കൂടാതെ വിവിധ യുവജന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പരിപാടികൾക്കും പ്രോജക്ടുകൾക്കുമായി ധനസഹായം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ